പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -3633 17-12-2015 ൽ മറുപടിക്ക്

## ലീഗൽ സർവ്വീസസ് സൊസൈറ്റി വഴി അദാലത്തുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |

| | | |
|---|---|---|
| (എ) | ലീഗൽ സർവ്വീസ് സൊസൈറ്റി വഴി അദാലത്തുകൾ നടത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; | സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും, താലൂക്കുകളിൽ താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും, ഹൈക്കോടതിയിലെ കേസുകൾക്ക് വേണ്ടി ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും, സംസ്ഥാന അടിസ്ഥാനത്തിൽ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും നിലവിലുണ്ട്. നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ നേതൃത്വത്തിൽ, ജില്ലാ തലത്തിലും താലൂക്ക് തലത്തിലും ഹൈക്കോർട്ട് ലീഗൽ സർവ്വീസസ് കമ്മിറ്റിയിലും എല്ലാ മാസവും ലോക് അദാലത്തുകൾ നടത്തി വരുന്നു. കൂടാതെ 2015-ലെ നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ |

| | | |
|---|---|---|
| | | പുതിയ സ്കീം പ്രകാരം എല്ലാ മാസവും (ജനുവരി, മെയ് മാസങ്ങൾ ഒഴികെ) രണ്ടാം ശനിയാഴ്ചയിൽ പ്രത്യേക വിഷയ ങ്ങളിൽ നാഷണൽ ലോക് അദാലത്തുകൾ ജില്ലാ തലത്തിലും താലൂക്ക് തലത്തിലും ഹൈക്കോർട്ട് ലീഗൽ സർവ്വീസസ് കമ്മിറ്റി യിലും സംഘടിപ്പിക്കുന്നുണ്ട്. അത് പ്രകാരം 2015-ൽ എട്ട് നാഷണൽ ലോക് അദാലത്തുകൾ നടന്നു. കൂടാതെ എല്ലാ തരത്തിലുള്ള കേസുകളും ഉൾപ്പെടുത്തി 12.12.2015-ൽ മെഗാ നാഷണൽ ലോക് അദാലത്ത് നടത്തുകയുണ്ടായി. |
| (ബി) | ഇത് നടപ്പാക്കാൻ ഭരണ തല ത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | 12.12.2015 ലെ മോഗാ നാഷണൽ ലോക് അദാല ത്തിന്റെ സുഗമമായ നടത്തിപ്പിലേക്കായി കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ബഹു. എക്സിക്യൂട്ടീവ് ചെയർമാനും ഹൈക്കോടതിയിലെ മുതിർന്ന ജഡ്ജിയുമായ ജസ്റ്റിസ് ശ്രീ. തോട്ടത്തിൽ ബി. രാധാകൃഷ്ണൻ ഗവൺമെന്റിന്റെ സഹകരണം അഭ്യർത്ഥിച്ചു കൊണ്ട് ബഹുമാനപ്പെട്ട കേരള ഗവർണ്ണർക്കും, ബഹുമാന്യരായ മുഖ്യമന്ത്രിക്കും, അഭ്യന്തര മന്ത്രിക്കും, നിയമ മന്ത്രിക്കും, റവന്യൂ മന്ത്രിക്കും കത്തുകൾ അയച്ചതിനെ തുടർന്ന് ചീഫ് സെക്ര ട്ടറി മുഖേന എല്ലാ വകുപ്പു മേധാവികൾക്കും മറ്റും ഇക്കാര്യത്തിൽ ഭരണ തലത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി നിർദ്ദേശം നൽകിയിരുന്നു. കെൽസ, പ്രസ്തുത അദാല ത്തിനെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ എല്ലാ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾക്കും രണ്ട് മാസങ്ങൾക്ക് മുമ്പെ തന്നെ നൽകിയിട്ടു |

| | | |
|---|---|---|
| | | ള്ളതാണ്. ആയത് പ്രകാരം അദാലത്തിൽ തീർപ്പാക്കുന്നതിനുള്ള കേസുകൾ കണ്ടെത്തുകയും, ബന്ധപ്പെട്ട കക്ഷികളെ വിളിച്ച് സംസാരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം കണ്ടെത്തിയ ഒത്തുതീരുവാൻ സാധ്യതയുള്ള കേസുകൾ അദാലത്തിൽ പരിഗണിക്കുന്നതിന് വേണ്ടി ഉൾപ്പെടുത്തണമെന്നുള്ള കാര്യം അറിയിച്ചുകൊണ്ട് പത്രക്കുറിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. അദാലത്തിൽ തീർപ്പാകുന്ന ലാന്റ് അക്വിസിഷൻ കേസുകളിൽ അവാർഡ് തുക നൽകുന്നതിനായി 100 കോടി രൂപ അനുവദിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | കേരളത്തിലെ വിവിധ കോടതികളിൽ കെട്ടിക്കിടക്കുന്നതും, കോടതിയിലേക്ക് എത്തുന്നതിന് മുൻപുള്ള പരാതികളും, ഒത്തുതീർപ്പാക്കാൻ നിയമം അനുവദിക്കുന്ന ക്രിമിനൽ കേസുകളും മറ്റുമാണ് ഇത്തരം അദാലത്തുകളിൽ പരിഗണിക്കുന്നതും തീർപ്പാക്കുന്നതും. അദാലത്തുകൾ വഴി തീർപ്പാകുന്ന കേസുകളിലെ വിധികൾ അന്തിമമായിരിക്കും. ടി വിധികൾക്ക്മേൽ അപ്പീൽ അവകാശം ഉണ്ടായിരിക്കുന്നതല്ല. ഇതുവഴി വ്യവഹാരികൾക്ക് കേസ് തീർപ്പാകുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാകുക മാത്രമല്ല ധനലാഭവും ഉണ്ടാകുന്നു. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ